**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നിയമസഭാ നടപടികൾ – സംഗ്രഹം**

**<u>2012 ജൂൺ 12, ചൊവ്വ</u>**

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

<u>അടിയന്തരപ്രമേയം</u>

<u>മലപ്പുറം ജില്ലയിലെ കൊലപാതകം</u>

<u>മി. സ്പീക്കർ</u> : മലപ്പുറം ജില്ലയിലെ അരീക്കോട് കുനിയിൽ സ്വദേശികളായ കൊളക്കാടൻ ആസാദ്, കൊളക്കാടൻ അബൂബക്കർ എന്നിവർ കൊല ചെയ്യപ്പെട്ടതിനെത്തുടർന്ന് പ്രസ്തുത പ്രദേശത്ത് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. കോടിയേരി ബാലകൃഷ്ണൻ, മുല്ലക്കര രത്നാകരൻ, ജോസ് തെറ്റയിൽ, എ.എ. അസീസ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി <u>(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)</u> : 10–06–2012–ന് രാത്രി 8.15–ഓടെ മലപ്പുറം ജില്ലയിലെ കുനിയിൽ അങ്ങാടിയിലെ എ.ടി. സൗണ്ട്സ് എന്ന കടയിലിരിക്കുകയായി

രുന്ന കൊളക്കാടൻ ആസാദിനെയും തറവാട് മുറ്റത്തിരിക്കുകയായിരുന്ന കൊളക്കാടൻ അബൂബക്കറിനെയും രണ്ട് വാഹനങ്ങളിലായെത്തിയ സംഘം വെട്ടിപ്പരിക്കേൽപ്പിക്കുകയും തുടർന്ന് അവരെ കോഴിക്കോട് മിംസ് ആശുപത്രി, മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ പ്രവേശിപ്പിച്ചുവെങ്കിലും മരണപ്പെടുകയുമാണുണ്ടായത്. തുടർന്ന് ഐ.പി.സി.യിലെ വിവിധ വകുപ്പുകൾ പ്രകാരം ആറ് പേരെയും കണ്ടാലറിയാവുന്ന മറ്റ് അഞ്ച് പേരെയും പ്രതികളാക്കി അരീക്കോട് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് മലപ്പുറം നർക്കോട്ടിക് സെൽ ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിൽ പ്രത്യേക സംഘം അന്വേഷണം നടത്തിവരികയാണ്. തൃശ്ശൂർ റേഞ്ച് ഐ.ജി., മലപ്പുറം എസ്.പി. തുടങ്ങിയ ഉന്നത പോലീസ് ഉദ്യോഗസ്ഥർ അന്വേഷണ പുരോഗതി വിലയിരുത്തിവരുന്നുണ്ട്. സംഭവസ്ഥലത്തെ സ്ഥിതിഗതികൾ ഇപ്പോൾ നിയന്ത്രണവിധേയമാണ്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: വളരെ ഗുരുതരമായ സ്ഥിതിവിശേഷമാണ് അരീക്കോട് പ്രദേശത്ത് സംജാതമായിട്ടുള്ളത്. കഴിഞ്ഞ ഞായറാഴ്ചയാണ് മലപ്പുറം ജില്ലയിലെ അരീക്കോട് കുനിയിൽ കൊളക്കാടൻ ഗുലാം ഹുസൈന്റെ മക്കളായ കൊളക്കാടൻ ആസാദ്, കൊളക്കാടൻ അബൂബക്കർ എന്നീ സഹോദരങ്ങളെ വെട്ടി കൊലപ്പെടുത്തിയ ദാരുണമായ സംഭവമുണ്ടായത്. സുഹൃത്തുക്കളുമായി സംസാരിച്ചുകൊണ്ടിരുന്ന ആസാദിനെ ആദ്യം വെട്ടിപ്പരിക്കേൽപ്പിക്കുകയും തുടർന്ന് ഭീകരാന്തരീക്ഷം സൃഷ്ടിച്ച് ആക്രമണം നടത്തുകയും ചെയ്തു. സ്വന്തം തറവാട് കടയുടെ മുറ്റത്ത് നിൽക്കുകയായിരുന്ന അബൂബക്കറിനേയും അക്രമികൾ വെട്ടിപരിക്കേൽപ്പിച്ചു. ഇരുവരേയും ആശുപത്രിയിൽ പ്രവേശിപ്പിച്ചുവെങ്കിലും ജീവൻ രക്ഷിക്കാൻ കഴിഞ്ഞില്ല. നാടിനെ

നടുക്കിയ, പൈശാചികമായ കൊലപാതകം വളരെ ആസൂത്രിത മായിട്ടായിരുന്നു നടന്നത് എന്നതിന്റെ തെളിവാണ് ഇപ്പോൾ പുറത്തു വന്നുകൊണ്ടിരിക്കുന്നത്. കുറച്ചുകാലമായി അരീക്കോട് പ്രദേശത്ത് പ്രശ്നങ്ങളുണ്ടായിരുന്നുവെന്നാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. ഇന്റലിജൻസ് റിപ്പോർട്ട് അവഗണിച്ചതാണ് കൊലപാതകത്തിലേക്ക് എത്തിച്ചതെന്നാണ് റിപ്പോർട്ട്. മുസ്ലീം ലീഗ് പ്രവർത്തകനായ ഹത്തീഖ് റഹ്മാന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് ജാമ്യത്തിലിറങ്ങിയ പ്രതികൾക്ക് നേരെ സുരക്ഷാഭീഷണി ഉയർന്ന സാഹചര്യത്തിൽ അവർക്ക് സംരക്ഷണം നൽകാൻ യാതൊരുവിധ ക്രമീകരണവും നടത്താത്തത് പോലീസിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. മഞ്ചേരി ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയിൽ സമർപ്പിച്ചിട്ടുള്ള ഫസ്റ്റ് ഇൻഫർമേഷൻ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള ആദ്യത്തെ അഞ്ച് പ്രതികൾ മുസ്ലീം ലീഗ് പ്രവർത്തകരും ആറാം പ്രതി മുസ്ലീം ലീഗിന്റെ ഏറനാട് മണ്ഡലം എം. എൽ.എ.യുമാണ്. എഫ്..ഐ.ആർ.-ൽ പ്രതി ചേർക്കപ്പെട്ട ഏറനാട് എം. എൽ.എ. സഭയിൽ ഇരിക്കുന്നത് അത്യന്തം അവഹേളനാപരമാണ്. എം. എൽ.എ ഉൾപ്പെടെ എഫ്.ഐ.ആർ.-ൽ ഉൾപ്പെട്ടിട്ടുള്ള പ്രതികളെ ഉടൻ അറസ്റ്റ് ചെയ്യണം. ഈ സംഭവം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): മലപ്പുറം ജില്ലയിലെ കുനിയിൽ അങ്ങാടിയിൽ രണ്ട് സഹോദരങ്ങൾ വെട്ടേറ്റ് കൊലചെയ്യപ്പെട്ട സംഭവത്തിന്റെ എഫ്.ഐ. സ്റ്റേറ്റ്മെന്റിൽ ഇവിടെ പ്രതിപക്ഷ ഉപനേതാവ് ഉന്നയിച്ച പല കാര്യങ്ങളു മില്ലാത്തിനാൽ എഫ്.ഐ സ്റ്റേറ്റ്മെന്റ് കറക്ടാണോ എന്നത് പരിശോധിക്കു

ന്നതാണ്. ഈ കേസിലെ യഥാർത്ഥ പ്രതികളെ കണ്ടെത്തുന്നതിനായി സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ നിയോഗിച്ചിട്ടുണ്ട്. ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിൽ അന്വേഷണം നടക്കുകയും തൃശ്ശൂർ റേഞ്ച് ഐ.ജി.യും എസ്.പി.യും അവിടെ ക്യാമ്പ് ചെയ്യുകയും ചെയ്യുന്നുണ്ട്. ഈ കേസ് സംബന്ധിച്ച് അന്വേഷണം നടത്തി നിയമപരമായി സ്വീകരിക്കേണ്ട എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. അതു കൊണ്ട് പ്രതിപക്ഷം അന്വേഷണവുമായി സഹകരിക്കണം. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): രണ്ടുപേരുടെ ജീവൻ നഷ്ടപ്പെട്ട ഈ സംഭവം വളരെ നിർഭാഗ്യകരമാണ്. അത്തരത്തിലുള്ള സംഭവങ്ങൾ നമ്മുടെ നാട്ടിൽ ഉണ്ടാകരുതെന്നുതന്നെയാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. എന്നാൽ നിയമം കയ്യിലെടുക്കാൻ ആരെയും അനുവദിക്കില്ല തെറ്റ് ആര് ചെയ്താലും നടപടി സ്വീകരിക്കുന്നതാണ്. പോലീസ് അന്വേഷിച്ച് പൂർണ്ണമായ ബോദ്ധ്യം വരാതെ എഫ്.ഐ. സ്റ്റേറ്റ്മെന്റിൽ പേര് വന്നു എന്ന ഒറ്റക്കാരണം കൊണ്ട് ഒരാളെ അറസ്റ്റ് ചെയ്യാൻ സാധിക്കുകയില്ല. എഫ്. ഐ. സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് ഇന്നലെ കോടതിയിൽ കൊടുത്ത എഫ്.ഐ.ആർ-ൽ ബഹുമാനപ്പെട്ട ഏറനാട് എം.എൽ.എ. ആറാമത്തെ പ്രതിയാണ്. ഗവൺമെന്റ് മറ്റൊരു സ്റ്റേറ്റ്മെന്റ് കൊടുക്കാത്തിടത്തോളം കോടതിയിൽ അദ്ദേഹം പ്രതിസ്ഥാനത്താണ് നിൽക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പോലീസ് നിഷ്പക്ഷമായാണ് പ്രവർത്തിക്കുന്നത്. എഫ്. ഐ. സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ പ്രതിയെ അറസ്റ്റ് ചെയ്യണമെന്നുപറയുന്നതിനോട് യോജിക്കാൻ കഴിയില്ല.

നീതിനിർവ്വഹണം രാഷ്ട്രീയമായ ഇടപെടൽ കൂടാതെ മുന്നോട്ടുപോകേണ്ട താണ്. നിയമം കൈയിലെടുക്കാനോ കുറ്റം ചെയ്ത ഒരാൾ രാഷ്ട്രീയ ത്തിന്റെ പേരിൽ രക്ഷപ്പെടാനോ അനുവദിക്കുകയില്ല. ഈ കേസിൽ നീതി പൂർവ്വവും നിഷ്പക്ഷവുമായ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് മുന്നോട്ടുപോ കുകയെന്നുള്ളതാണ് ഗവൺമെന്റിന്റെ സമീപനം.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(തുടർന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ പ്രസംഗത്തി നുശേഷം എഫ്.ഐ.ആർ-ൽ പേര് ഉൾപ്പെട്ട എം.എൽ.എ.യടക്കമുള്ള പ്രതികളെ അറസ്റ്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ പ്രതിപക്ഷ നേതാവിന്റെ സമീപം വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് ബഹളം വച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ രാവിലെ 10.21-ന് സഭ നിറുത്തിവയ്ക്കുകയും 11.39-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ വീണ്ടും സമ്മേളിക്കുകയും ചെയ്തു.)

റൂളിംഗ്

സഭാനടപടികൾ സുഗമമായി നടത്തുന്നതുസംബന്ധിച്ച്

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് അടിയന്തരപ്രമേയം അവതരിപ്പിക്കുകയും സർക്കാരിന്റെ ഭാഗത്തുനിന്ന് മറുപടി പറയുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചതിനുശേഷം പ്രതിപക്ഷനേതാവ് സംസാരിക്കുകയും അതിനോടനുബന്ധമായി സഭയിൽ ചില പ്രശ്നങ്ങളുണ്ടാവുകയും ചെയ്തു. ഇവിടെ അവതരിപ്പിച്ച വിഷയത്തിൻമേൽ ശക്തമായ നടപടികൾ സ്വീകരിക്കുമെന്നാണ് ഗവൺമെന്റ് സഭയ്ക്ക് ഉറപ്പ് നൽകിയിട്ടുള്ളത്. സഭ നടത്തിക്കൊണ്ടുപോകു

ന്നത് സംബന്ധിച്ച് ഭരണ-പ്രതിപക്ഷ കക്ഷി നേതാക്കളുമായി വെവ്വേറെ ചർച്ച നടത്തിയെങ്കിലും അതൊരു മീറ്റിംഗ് പോയിന്റിലെത്തിയിട്ടില്ല. ഇരു കൂട്ടരുടേയും ആശയങ്ങൾ പരസ്പരം കമ്മ്യൂണിക്കേറ്റ് ചെയ്തിട്ടുണ്ട്. ഇവിടെ ഉന്നയിച്ചിട്ടുള്ള വിഷയത്തിൻമേൽ നടപടിക്രമങ്ങളും ചട്ടങ്ങളും അനുസരിച്ച് പ്രവർത്തിക്കുന്നതാണ്. അനുവദിക്കപ്പെട്ട മേഖലകൾ കടന്ന് മുന്നോട്ടുപോകാൻ ചെയറിന് അധികാരമില്ല. അതുകൊണ്ട് സഭാ നടപടികൾ സുഗമമായി നടത്തിക്കൊണ്ടുപോകാൻ എല്ലാവരുടേയും സഹകരണം ഉണ്ടാകണം.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ഇൻഡ്യയ്ക്കാകെ മാതൃകയായ കേരള നിയമസഭയിൽ ഒരു ക്രിമിനലിനെ വച്ചുകൊണ്ട് സഭ സമ്മേളിക്കുന്നതിനെ അംഗീകരിക്കാൻ നിർവ്വാഹമില്ലാത്തതുകൊണ്ട് ഇന്നത്തെ തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിക്കുകയാണ്.

(പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുവിട്ട് ബഹളം വയ്ക്കുകയും മുദ്രാവാക്യം വിളിക്കുകയും ചെയ്തുകൊണ്ടിരുന്നതിനാൽ ബഹു. സ്പീക്കർ ശ്രദ്ധക്ഷണിക്കലും സബ്മിഷനും റദ്ദ് ചെയ്തതായി പ്രഖ്യാപിക്കുകയും അജണ്ടയിലെ അടുത്ത നടപടിയിലേയ്ക്ക് കടക്കുകയും ചെയ്തു.)

മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

റിപ്പോർട്ട് സമർപ്പണം

1. കാര്യോപദേശക സമിതിയുടെ ഏഴാമത് റിപ്പോർട്ട്.

2. 2002-ലെ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് (അമെന്റ്മെന്റ്) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്.

റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ ഏഴാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

1. 2012-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (രണ്ടാം ഭേദഗതി) ബിൽ.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): 2012-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (രണ്ടാം ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റ് മേശപ്പുറത്തു വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): 2012-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (രണ്ടാം ഭേദഗതി) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ബെന്നി ബെഹനാൻ: 2012-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (രണ്ടാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-06-2012 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(നോട്ടീസ് നൽകിയിരുന്ന അംഗം സീറ്റിലില്ലാതിരുന്നതിനാൽ രണ്ട് (ബി) നമ്പർ ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

2012-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (രണ്ടാം ഭേദഗതി) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

2. 2012-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): 2012-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): 2012-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം

നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

(നോട്ടീസ് നൽകിയിരുന്ന അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

2012-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

സഭ രാവിലെ 11.56-ന് പിരിഞ്ഞു.